# 21st India-Russia Annual Summit

November 26, 2021

---

**21 മത് ഇന്ത്യ -റഷ്യ വാർഷിക ഉച്ചകോടി**
നവംബർ 26, 2021

റഷ്യൻ ഫെഡറേഷന്റെ പ്രസിഡന്റ് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായുള്ള 21മത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിക്കായി 2021 ഡിസംബർ 6-ന് വ്‌ളാഡിമിർ പുടിൻ ന്യൂഡൽഹിയിൽ ഔദ്യോഗിക സന്ദർശനം നടത്തും.

2019 സെപ്റ്റംബറിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ വ്ലാഡിവോസ്റ്റോക്ക് (റഷ്യ) സന്ദർശന വേളയിലാണ് അവസാന ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടി നടന്നത്. കോവിഡ് -19 പകർച്ചവ്യാധിയുടെ സാഹചര്യം മൂലം 2020 ൽ വാർഷിക ഉച്ചകോടി നടത്താൻ കഴിഞ്ഞില്ല.

2019 നവംബറിൽ ബ്രസീലിയയിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിക്കിടെ ഇരു നേതാക്കളും നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം നടക്കുന്ന ആദ്യ മുഖാമുഖമാണിത്. 2019 നവംബർ മുതൽ ഇന്നുവരെ, ബഹുരാഷ്ട്ര ഉച്ചകോടികൾക്കായുള്ള വെർച്ചൽ മീറ്റിംഗുകൾക്ക് പുറമെ, ഇരു നേതാക്കളും തമ്മിൽ 6 ടെലിഫോൺ സംഭാഷണങ്ങളും നടന്നിട്ടുണ്ട്.

ഉഭയകക്ഷി ബന്ധത്തിന്റെ സ്ഥിതിയും സാധ്യതകളും നേതാക്കൾ അവലോകനം ചെയ്യുകയും ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വഴികൾ ചർച്ച ചെയ്യുകയും ചെയ്യും. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ബഹുരാഷ്ട്ര, അന്തർദേശീയ വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറാനും ഉച്ചകോടി അവസരമൊരുക്കും.

ഇന്ത്യയിലും റഷ്യയിലും മാറിമാറി നടന്നുവരുന്ന വാർഷിക ഉച്ചകോടികളുടെ തുടർച്ചയാണ് സന്ദർശനം. ഇന്ത്യയും -റഷ്യയും തമ്മിലുള്ള വിശേഷാധികാര നയതന്ത്ര പങ്കാളിത്തത്തിന് ഈ സന്ദർശനം കൂടുതൽ ഉണർവ്വ് നൽകും.

**ന്യൂ ഡെൽഹി**
**നവംബർ 26, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.